A

# സമഗ്ര ശിക്ഷ, കേരളം

805

## അർദ്ധവാർഷിക മൂല്യനിർണ്ണയം 2018-19

## സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 7 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

1. ആന്ധ്രാപ്രദേശിലെ തിരുപ്പതി മുതൽ കന്യാകുമാരി വരെയുള്ള പ്രദേശം പ്രാചീന കാലത്ത് ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്? (1)
2. ലോകസഭയുടെ അധ്യക്ഷൻ ആരാണ്? (1)
3. തീമാറ്റിക് ഭൂപടങ്ങൾ എന്നാലെന്ത്? (2)
4. ചുവടെ നൽകിയിരിക്കുന്ന ഭൂപടങ്ങളുടെ ഉപയോഗമെന്ത്? (2)
   - ജ്യോതിശാസ്ത്ര ഭൂപടം
   - ദിനാവസ്ഥ ഭൂപടം
5. സപ്ത സൈന്ധവ പ്രദേശത്തെ ആര്യന്മാരുടെ ജീവിതത്തിന്റെ രണ്ട് പ്രത്യേകതകൾ എഴുതുക. (2)
6. കുഷാന ഭരണകാലത്ത് രൂപംകൊണ്ട ഗാന്ധാര ശിൽപകലയുടെ പ്രത്യേകതയെന്ത്? (2)
7. മൗര്യ കാലഘട്ടത്തിലെ ഭാഗ, ബലി എന്നീ നികുതികൾ ഏതൊക്കെ മേഖലകളിലാണ് ചുമത്തിയിരുന്നത്? (2)

**8 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം (5 x 3 = 15)**

8. മൗര്യസാമ്രാജ്യത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനായി നടപ്പിലാക്കിയ പരിഷ്കാരങ്ങളേവ?
9. രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്ന ഇലക്ടറൽ കോളേജിലെ അംഗങ്ങൾ ആരെല്ലാം?
10. പ്രാചീന തമിഴകത്തെ വിനിമയ സമ്പ്രദായത്തിൽ ഉമണർ വഹിച്ച പങ്ക് വിശദമാക്കുക?
11. ഗാന്ധിജിയുടെ സാമ്പത്തികശാസ്ത്ര ആശയങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക?
12. സമ്പദ്ഘടന നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളേവ?
13. ഇന്ത്യയിലെ പേർഷ്യൻ ആക്രമണത്തിന്റെ ഫലങ്ങൾ എഴുതുക?

14. ചുവടെ നൽകിയിരിക്കുന്ന ഭൂസവിശേഷതകൾ ഭൂപടങ്ങളിൽ ചിത്രീകരിക്കുന്നതിന് ഉപയോഗിക്കുന്ന നിറങ്ങൾ ഏവ? (4)

| ഭൂസവിശേഷതകൾ | നിറം |
| --- | --- |
| (എ) കൃഷിയിടങ്ങൾ | |
| (ബി) മണൽകൂനകൾ | |
| (സി) ജലാശയങ്ങൾ | |
| (ഡി) തീവണ്ടിപ്പാത | |

15. ബുദ്ധമതവും ജൈനമതവും ഇന്ത്യയുടെ സാംസ്കാരിക വളർച്ചയ്ക്ക് വളരെയേറെ സംഭാവനകൾ നൽകി - പ്രസ്താവന സമർത്ഥിക്കുക. (4)

**അല്ലെങ്കിൽ**

ഭൂപടങ്ങളെ തോതിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഉദാഹരണസഹിതം വിശദമാക്കുക.

16. മഹാശിലകാലഘട്ടത്തിലെ മനുഷ്യജീവിതത്തെക്കുറിച്ച് വിവരിക്കുക. (5)

**അല്ലെങ്കിൽ**

ഭൂപടങ്ങളിലെ തോത് എന്നാലെന്ത്? ഭൂപടങ്ങളിൽ തോത് രേഖപ്പെടുത്തുന്ന വിവിധ രീതികൾ വിശദമാക്കുക.